"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (KPPL)- വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ - കമ്മറ്റി നിർദ്ദേശങ്ങൾ ഭേദഗതികളോടെ അംഗീകരിക്കുന്നു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(കൈ) നം.48/2022/F&WLD തീയതി,തിരുവനന്തപുരം, 24-09-2022

---

പരാമർശം:-

1. കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ്, സ്പെഷ്യൽ ഓഫീസറുടെ 25/04/2022-ലെ കത്ത്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 29/4/2022,05/05/2022, 26/07/2022-ലെ പ്രൊ(4)-246993/22 നമ്പർ കത്തുകൾ
3. ജി.ഒ (പി) നം. 19/2022/FWLD തീയ്യതി 30/6/2022 (SRO No.651/2022).
4. സ.ഉ (കൈ)നം.37/2022/F&WLD തീയതി 02/07/2022.
5. വിലനിർണ്ണയ കമ്മിറ്റിയുടെ 3/8/2022-ൽ ചേർന്ന യോഗ നടപടിക്കുറിപ്പ്

**ഉത്തരവ്**

കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന്(KPPL) വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ നല്കുമ്പോൾ നിശ്ചയിക്കേണ്ട വില സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ടതും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ളതും ധനകാര്യ, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ടതുമായ കമ്മിറ്റി 03/08/2022-ൽ യോഗം ചേർന്ന് താഴെ പറയുന്ന ശിപാർശകൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

i) KPPL may be given 24,000 MT of Eucalyptus/Acacia Auriculiformis/Acacia Mangium/Bamboo/Reeds in accordance with the Working Plan prescriptions at a rate of Rs. 1,000/MT from Forest Department plantations for the first year which was the rate applied for the erstwhile HNL.

ii) The raw materials, if available, from the earlier captive plantations raised by erstwhile HNL, may also be given to KPPL free of cost.These plantations should have Working Plan prescription for extraction.

iii) The areas where working plan prescriptions are not available, the same may

be prepared and got approved for extraction.

iv) Necessary agreement may also be executed by KPPL/Industries Department with the KFD before undertaking extraction of raw materials as per Working Plan prescriptions.

2) സർക്കാർ മേൽ ശിപാർശകൾ വിശദമായി പരിശോധിച്ചു. ശിപാർശ (i) ഒരു മെട്രിക് ടണ്ണിന് 1000 രൂപ നിരക്കിൽ എന്നത് 500 രൂപ എന്ന ഭേദഗതിയോടെയും, ശിപാർശ(iii) വർക്കിംഗ് പ്ലാൻ 3 മാസത്തിനകം അംഗീകാരം ലഭ്യമാക്കേണ്ടതാണെന്ന ഭേദഗതിയോടേയും, ശിപാർശ (ii), (iv) എന്നിവ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

സ്പെഷ്യൽ ഓഫീസർ, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കോട്ടയം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്. സി) വകുപ്പ് (22/09/2022 തീയതിയിലെ ഇനം 1050 പ്രകാരം)
ധനകാര്യ വകുപ്പ്
വ്യവസായ (ജി) വകുപ്പ്
വെബ് ആന്റ് ന്യൂ മീഡിയ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Ravindran C
Date: 10-10-2022 12:00:23
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിന്/ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന് / ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ഓഫീസിന്/ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ ഓഫീസിന്/ചീഫ് സെക്രട്ടറിയുടെ ഓഫീസിന്/ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്/ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്/ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ്സ്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-09-2022

ഫയൽ നം. ബി2/90/2022/വനം. ഇനം നം: 1050

വിഷയം : വനം-വന്യജീവി വകുപ്പ് - കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന് (KPPL) വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുമ്പോൾ ഈടാക്കേണ്ട വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യം, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി യോഗം ചേർന്ന് സമർപ്പിച്ച ശിപാർശകൾ - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിച്ചു.

i. ഒരു മെട്രിക് ടണ്ണിന് 1000 രൂപ നിരക്കിൽ എന്നത് ഒരു മെട്രിക് ടണ്ണിന് 500 രൂപ നിരക്കിൽ എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

ii. അംഗീകരിച്ചു.

iii. വർക്കിംഗ് പ്ലാനിന് മൂന്ന് മാസത്തിനകം അംഗീകാരം ലഭ്യമാക്കേണ്ടതാണ് എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

iv. അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

1050

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ബി2/90/2022/വനം |
| 2 | വകുപ്പ് | വനം വന്യജീവി (ബി) വകുപ്പ് |
| 3 | വിഷയം | കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന് (KPPL) വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുമ്പോൾ ഈടാക്കേണ്ട വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യം, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി യോഗം ചേർന്ന് സമർപ്പിച്ച ശിപാർശകൾ സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22.06.2022. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ, (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. ഉദയകുമാർ എ ആർ |
| 8 | കറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.കെ ആർ ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 12/09/2022 |
| 10 | കറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 12/09/2022 |
| 12 | കറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ.ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12/09/2022 |
| 14 | കറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13/09/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന് (KPPL) വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുമ്പോൾ ഈടാക്കേണ്ട വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യം, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി യോഗം ചേർന്ന് സമർപ്പിച്ച ശിപാർശകൾ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. KPPL-ന്റെ സുഗമമായ പ്രവർത്തനത്തിന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ സൗജന്യ നിരക്കിൽ അനുവദിക്കണമെന്ന് KPPL, സ്പെഷ്യൽ ഓഫീസർ അപേക്ഷിക്കുകയുണ്ടായി. ഇക്കാര്യം 22/06/2022-ലെ മന്ത്രിസഭാ യോഗം ഇനം നം.865 ആയി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനം എടുക്കുകയുമുണ്ടായി.

1. കുറിപ്പിലെ നിർദ്ദേശം ചർച്ച ചെയ്തു. M/s കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് നൽകുന്ന തടിയുടെ വിലനിർണ്ണയം പിന്നീട് തീരുമാനിക്കാമെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

2. ഇതിനാവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ വനം വകുപ്പ് സ്വീകരിക്കേണ്ടതാണ്.

3. തടിയുടെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേർന്ന് ശിപാർശകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണെന്നും തീരുമാനിച്ചു.

3. മേൽ തീരുമാനപ്രകാരം, 1978 ലെ Kerala Forest Produce (Fixation of Selling Price) Act ലെ സെക്ഷൻ 5 പ്രകാരമുള്ള വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളുടെ നിലവിലുള്ളവില്പന വിലയിൽ നിന്ന് KPPL നെ ഒഴിവാക്കുന്നതിനായി, പ്രസ്തുത Act ലെ സെക്ഷൻ 6 പ്രകാരം SRO No.651/2022 ആയി വിജ്ഞാപനം പുറപ്പെടുവിക്കുകയും കൂടാതെ KPPL ന് 24000 മെട്രിക് ടൺ അസംസ്കൃതവസ്തുക്കൾ അനുവദിച്ചും KPPL ന് അനുവദിക്കേണ്ട തടിയുടെ (വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ) വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ധനകാര്യ, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി രൂപീകരിച്ചും വനം വന്യജീവി (ബി) വകുപ്പ് ഉത്തരവ് (സ.ഉ.(കൈ) നം.37/2022/F&WLD തീയതി 02.07.2022) പുറപ്പെടുവിച്ചു.

4. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യം, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി 03/08/2022-ന് യോഗം ചേരുകയും, താഴെപ്പറയുന്ന ശിപാർശകൾ ചെയ്യുകയുമുണ്ടായി.

I) KPPL may be given 24,000 MT of Eucalyptus/Acacia Auriculiformis/Acacia Mangium/Bamboo/Reeds in accordance with the Working Plan prescriptions at a rate of Rs. 1,000/MT from Forest Department plantations for the first year which was the rate applied for the erstwhile HNL.

II) The raw materials, if available, from the earlier captive plantations raised by erstwhile HNL, may also be given to KPPL free of cost.These plantations should have Working Plan prescription for extraction.

III) The areas where working plan prescriptions are not available, the same may be prepared and got approved for extraction.

IV) Necessary agreement may also be executed by KPPL/Industries Department with the KFD before undertaking extraction of raw materials as per Working Plan prescriptions.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"Agreed"

6. പ്രസ്തുത ശിപാർശകൾ 22/06/2022-ലെ ഇനം നം.865 പ്രകാരമുള്ള മന്ത്രിസഭാ യോഗത്തീരുമാന പ്രകാരം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

**തീരുമാനിക്കേണ്ട വിഷയം**

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യം, വ്യവസായം, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി 03/08/2022-ന് യോഗം ചേർന്ന് നല്കിയ താഴെപ്പറയുന്ന ശിപാർശകൾ അംഗീകരിക്കാവുന്നതാണോ ?

I) KPPL may be given 24,000 MT of Eucalyptus/Acacia Auriculiformis/Acacia Mangium/Bamboo/Reeds in accordance with the Working Plan prescriptions at a rate of Rs. 1,000/MT from Forest Department plantations for the first year which was the rate applied for the erstwhile HNL.

ii) The raw materials, if available, from the earlier captive plantations raised by erstwhile HNL,

may also be given to KPPL free of cost.These plantations should have Working Plan prescription for extraction.

iii) The areas where working plan prescriptions are not available, the same may be prepared and got approved for extraction.

iv) Necessary agreement may also be executed by KPPL/Industries Department with the KFD before undertaking extraction of raw materials as per Working Plan prescriptions.

-----------------